താണ്. രണ്ടു മാസത്തിനകം സ്ഥലം പൂർണ്ണമായും ഏറ്റെടുക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി)&(ഡി) നിയമപ്രകാരമുള്ള എല്ലാ നടപടികളും പൂർത്തിയാക്കാനുള്ളതുകൊണ്ടാണ് താമസം വരുന്നത്. ഏറ്റെടുക്കൽ വൈകുന്നതുകൊണ്ട് ഭൂഉടമകൾക്കുള്ള വിഷമം ദൂരീകരിക്കാനായി 2000 ഫെബ്രുവരി/മാർച്ചിനു മുമ്പു തന്നെ സ്ഥലമെടുപ്പ് പൂർത്തിയാക്കുന്നതിന് ശ്രമിക്കുന്നുണ്ട്.

258 (1437) റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ

ശ്രീ. മാത്യു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഏറ്റവും കൂടുതൽ റബ്ബർ ഉൽപ്പാദിപ്പിക്കുന്നത് റാന്നി നിയോജകമണ്ഡലത്തിൽ നിന്നാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ താലൂക്ക് കേന്ദ്രീകരിച്ച് ഒരു റബ്ബർ അധിഷ്ഠിത യൂണിറ്റ് പോലും ആരംഭിച്ചിട്ടില്ല. എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇവിടെ റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കുവാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) പത്തനംതിട്ട ജില്ലയിൽ ഗ്രോത്ത് സെന്റർ ആരംഭിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല

(ബി)&(സി) റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾക്ക് പ്രത്യേക പരിഗണന നൽകി ഊന്നൽ വ്യവസായ മേഖലയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പുതിയ വ്യവസായനയത്തിലൂടെ ട്രസ്റ്റ് സെക്ടർ വ്യവസായങ്ങൾക്ക് പ്രത്യേക ഊന്നൽ നൽകി നൂതനമായ അടിസ്ഥാനസൗകര്യങ്ങളോടുകൂടിയ വ്യവസായ പാർക്കുകൾ ഓരോ മേഖലയിലും നടപ്പാക്കിവരുന്നു. ഈ മേഖലയുടെ വികസനത്തിനും ഗവേഷണം സാങ്കേതികവിദ്യ എന്നിവയ്ക്കും സഹായകരമാവുന്ന പദ്ധതികളും വിഭവസമാഹരണം, വിപണനം, കയറ്റുമതി എന്നിവയ്ക്കുമായി പ്രത്യേക സഹായങ്ങളും നൽകുന്നതാണ്.

(ഡി) ഗ്രോത്ത് സെന്റർ തുടങ്ങുന്നതിനാവശ്യമായ 250 ഏക്കർ ഭൂമി പത്തനംതിട്ട ജില്ലയിൽ ലഭ്യമല്ലാത്തതുകൊണ്ട് പ്രസ്തുത പദ്ധതി ഉപേക്ഷിച്ചു.

259 (1438) കുന്നത്തുനാട് നിയോജക മണ്ഡലത്തിലെ കിൻഫ്രാ പ്രോജക്ട്

ശ്രീ. എം.പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ മഴുവന്നൂർ പഞ്ചായത്തിൽ 'കിൻഫ്ര' ഏറ്റെടുത്തിരിക്കുന്ന വീട്ടൂർ ഉള്ള സ്ഥലത്ത് എന്തെല്ലാം വ്യവസായങ്ങൾ ആണ് ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly